**കേരള സർക്കാർ**
**ദർഘാസ് പരസ്യം**
**ജലവിഭവ വകുപ്പ്**

**ടെണ്ടർ നമ്പർ-എ6/സ്റ്റാൾ ടെണ്ടർ/2018-19** തിയതി : 21.08.2018

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കു വേണ്ടി **മലമ്പുഴ ജലസേചന ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ,** മലമ്പുഴ ഗാർഡന് പുറത്തുള്ള L12 സ്റ്റാൾ ഏറ്റെടുത്ത് 3 വർഷക്കാലത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് മുദ്ര വെച്ച കവറുകളിൽ മൽസരസ്വഭാവമുള്ള ദർഘാസുകൾ തപാലിൽ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റായി മാത്രം ക്ഷണിച്ചു കൊള്ളുന്നു. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയാകുന്നതല്ല. ആയതിന്റെ ലേലം 19/09/2018-ന് വൈകുന്നേരം 3.00 മണിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വെച്ചു നടത്തുന്നതും, ലേലാവസാനം ഹാജരുള്ള ലേലക്കാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും, കൂടുതൽ തുകയ്ക്ക് ലേലം/ദർഘാസ് നൽകിയ വ്യക്തിയുടെ പേരിൽ താല്ക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുവാനുള്ള അവകാശം ദർഘാസ് സമർപ്പിച്ച വ്യക്തികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ദർഘാസ് സംബന്ധിച്ച നിബന്ധനകൾ**

1. ദർഘാസ് പ്രമാണത്തിൽ സൂചിപ്പിച്ചിരിക്കുന്ന മിനിമം ലൈസൻസ് ഫീയേക്കാൾ കൂടിയ തുകയായിരിക്കണം മത്സരാർത്ഥി ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.

2. ദർഘാസ് പ്രമാണത്തോടൊപ്പം രേഖപ്പെടുത്തുന്ന തുകയുടെ 2.5% നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റായി (ഡി.ഡി.) ദേശസാൽകൃത ബാങ്കുകളുടെ/ഷെഡ്യൂൾ ബാങ്കുകളിൽ നിന്ന് എടുത്തവ മാത്രം സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറാത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം.

3. ദർഘാസ് പ്രമാണത്തോടൊപ്പം നിരതദ്രവ്യം, 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ഉള്ള ഒപ്പിട്ട പ്രാഥമിക ഉടമ്പടി സഹിതം കവറിൽ മേൽ പ്രസ്താവിച്ച തിയ്യതിക്കു മുമ്പായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

4. ലേലം സ്ഥിരമായി ഉറപ്പിച്ച് ഉത്തരവ് ലഭിച്ചതിനുശഷം, നിശ്ചിത മാതൃകയിലുള്ള ഉടമ്പടി ഒപ്പിട്ടതിനുശേഷമേ ലേലം കൊണ്ടയാൾക്ക് കൈവശാവകാശം ലഭിക്കുകയുള്ളു.

5. ദർഘാസ് സമർപ്പിക്കുന്ന കവറിനു മുകളിൽ ടെണ്ടർ നമ്പർ, സ്റ്റാളിന്റെ പേര്, കരാറുകാരന്റെ പൂർണ്ണ മേൽ വിലാസം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

6. <u>ഗാർഡനിൽ നിർമ്മിച്ചിട്ടുള്ള സ്റ്റാളിനു പുറമെ യാതൊരുവിധത്തിലുള്ള കൂട്ടിച്ചേർക്കലും അനുവദിക്കുന്നതല്ല.</u>

7. ജലസേചന വകുപ്പിൽ ലേലത്തെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

8. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എപ്പോൾ വേണമെങ്കിലും ഒരു മാസത്തെ നോട്ടീസ് നൽകി കട ഒഴിവാക്കുന്നതിനുള്ള പൂർണ്ണമായ അധികാരം നിക്ഷിപ്തമാണ്.

9. ലേലത്തെ സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറെടുക്കുന്ന എല്ലാ തീരുമാനങ്ങളും അന്തിമമായിരിക്കും.